# ജപമാലവണക്കം

13-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ വി. ഡൊമിനിക്കിന്റെ പ്രവർത്തനഫലമായാണ് ജപമാലയ്ക്ക് ഇന്നുകാണുന്നതുപോലുള്ള നിയതമായ രൂപം ലഭിച്ചത്. " പരിശുദ്ധ മറിയമേ" എന്ന ഭാഗവും, "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയും, ത്രീത്വസ്തുതിയും കൂട്ടിച്ചേർത്ത് 15 ദിവ്യരഹസ്യങ്ങളോടൊപ്പം സ്ഥിരപ്പെടുത്തിയത് 1569 -ൽ അഞ്ചാം പീയൂസ് മാർപാപ്പയായിരുന്നു. സന്തോഷത്തിന്റെയും, ദുഃഖത്തിന്റെയും, മഹിമയുടെയും 15 ദിവ്യരഹസ്യങ്ങളോടൊപ്പം 2002 ഒക്ടോബറിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രകാശത്തിന്റെ അഞ്ചുരഹസ്യങ്ങൾകൂടി കൂട്ടിച്ചേർത്തു.

പരിശുദ്ധ ജനനി വി.ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ജപമാല നൽകിക്കൊണ്ട്, തിന്മയെക്കെതിരെ ജപമാലഭക്തി പ്രചരിപ്പിക്കാൻ ആഹ്വാനം ചെയ്തുവെന്ന് കരുതപ്പെടുന്നു. അതിനുശേഷം ലൂർദ്ദ്, ഫാത്തിമ തുടങ്ങി വിവിധ സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടപ്പോഴും ജപമാല ചൊല്ലാൻ പരിശുദ്ധ മറിയം ആവശ്യപ്പെടുന്നുണ്ട്. തന്റെ പ്രിയ പുത്രന്റെ രക്ഷാകരജീവിതത്തെക്കുറിച്ചുള്ള ധ്യാനമായതുകൊണ്ട് മാതാവിനു ഇഷ്ടപ്പെട്ട പ്രാർത്ഥനയാണ് അതെന്ന് വ്യക്തം.

**ജപമാലയുടെ ഫലങ്ങൾ**

1. യേശുവിനെക്കുറിച്ച് ശരിയായ ജ്ഞാനം തരുന്നു.
2. പാപങ്ങൾ കഴുകിക്കളഞ്ഞ് നമ്മുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നു.
3. നമ്മുടെ ശത്രുക്കളുടെമേൽ വിജയം തരുന്നു.
4. പുണ്യങ്ങൾ അഭ്യസിക്കാൻ സഹായിക്കുന്നു.
5. യേശുസ്നേഹത്താൽ ജ്വലിപ്പിക്കുന്നു.
6. അനുഗ്രഹങ്ങൾകൊണ്ടു നിറയ്ക്കുന്നു.
7. ദൈവത്തോടും, മനുഷ്യരോടുമുള്ള കടപ്പാടുകൾ പരിഹരിക്കുന്നു.
8. ദൈവമാതാവിന്റെ പ്രത്യേക പരിലാളനയും സഹായവും സംരക്ഷണവും ലഭിക്കുന്നു.
9. എത്ര ശക്തമായ പ്രലോഭനങ്ങളെയും ചെറുക്കാനും. നിർമ്മലത വീണ്ടെടുക്കാനും, കാത്തുസൂക്ഷിക്കാനും സഹായിക്കുന്നു.
10. സമാധാനവും സന്തുഷ്ടിയും പരസ്പര സ്നേഹവും ജപമാല സ്ഥിരമായി ചൊല്ലുന്ന കുടുംബത്തിന്റെ സമ്പത്താണ്.
11. സ്വർഗ്ഗത്തെ ഭൂമിയുമായി ബന്ധിപ്പിക്കുന്ന ശൃംഖലയാണ് ജപമാല.

**കൂടുതൽ ഫലദായകമാക്കാൻ**

✶ പ്രായശ്ചിത്തമനസ്സോടെ, (കൈവിരിച്ചുപിടിച്ച്, മുട്ടുകുത്തിനിന്ന്, സാഷ്ടാംഗം പ്രണമിച്ച്) ജപമാല ചൊല്ലുക.

✶ മാദ്ധ്യസ്ഥ പ്രാർത്ഥനയായി, ഓരോ പ്രത്യേക വിഭാഗങ്ങളെ അനുസ്മരിച്ചുകൊണ്ട് ജപമാല പ്രാർത്ഥനകൾ ചൊല്ലുക.

✶ മുടക്കം കൂടാതെ, കുടുംബാംഗങ്ങൾ ഒരുമിച്ചു ചൊല്ലുക.

✶ തത്തുല്യമായ വേദപുസ്തകവായനകൾ ഓരോ രഹസ്യങ്ങൾക്കും ആമുഖമായി വായിച്ച് രക്ഷാകര രഹസ്യങ്ങളെക്കുറിച്ച് ധ്യാനിച്ചുകൊണ്ടു ചൊല്ലുക.

**പ്രത്യേക നിയോഗത്തോടെ ജപമാല ദിനങ്ങളിലെ കർമ്മങ്ങൾ ഏറ്റെടുത്തു നടത്താൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ അതിന്റെ ചെലവിലേക്കായി 500 രൂപ ഏല്പിക്കുക.**

## ഞായറാഴ്ച വായനകൾ

| | |
|---|---|
| 04.10.2015 | ഏശ. 26:1-11; ഫിലി.4:4-9, മത്താ.15:21-28 |
| 11.10.2015 | ഏശ 40:12-17;2 കോറി.2:12-17, മത്താ.20:1-16 |
| 18.10.2015 | ഏശ 41:1-7; 1കോറി 9:13-18, മത്താ 10:1-15 |
| 25.10.2015 | ഏശ 41:8-16; ഗലാ.6:1-10, മത്താ 8:23-34 |

## വിശേഷദിവസങ്ങൾ

| | |
|---|---|
| 01 വ്യാഴം | വി. കൊച്ചുത്രേസ്യ |
| 02 വെള്ളി | കാവൽ മാലാഖമാർ |
| 04 ഞായർ | വി. ഫ്രാൻസീസ് അസ്സീസി |
| 18 ഞായർ | മിഷൻ ഞായർ; വി. ലൂക്കാ സുവിശേഷകൻ |
| 28 ബുധൻ | വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ |

## സങ്കീർത്തനാലാപനം

**സങ്കീർത്തനം 7**

**"എന്റെ ദൈവമായ കർത്താവേ,**
**അങ്ങിൽ ഞാൻ അഭയം തേടുന്നു!"**

## ദേവാലയ ശുശ്രൂഷ

| | |
|---|---|
| 04.10.2015 | ലിറ്റിൽ ഫ്ളവർ യൂണിറ്റ് |
| 11.10.2015 | സെന്റ് മേരി യൂണിറ്റ് |
| 18.10.2015 | വാ. മദർ തെരേസ യൂണിറ്റ് |
| 25.10.2015 | സെന്റ് തോമസ് യൂണിറ്റ് |

## കുടുംബയൂണിറ്റ് മീറ്റിംഗുകൾ

| | |
|---|---|
| 22.10.2015 | ഹോളി ഫാമിലി : ജോർജ്ജ് ഇല്ലിക്കൽ |
| 24.10.2015 | സെന്റ് ജോസഫ് : ജോസഫ് ചേരിക്കപറമ്പ് |
| 24.10.2015 | ലിറ്റിൽ ഫ്ളവർ : ജെയിംസ് പാലക്കൽ |
| 25.10.2015 | സെന്റ് മേരി: വർക്കി കൈതവേലിൽ |
| 26.10.2015 | മദർതെരേസ: ജോർജ്ജ് ഡോൺബോസ്കോ |
| 27.10.2015 | സെന്റ് തോമസ് : ചിന്നമ്മ ചക്കനാട് |
| 29.10.2015 | വിൻസെന്റ് ഡി പോൾ : ജോസ് കണ്ണാട്ട് |

# തെരേസ്യൻ ബോധന്



**ചെറുപുഷ്പ ദേവാലയം നടേൽ**

**No. 5 Vol. 1 October 2015**

*പ്രിയ ഇടവകാംഗങ്ങളെ,*

*ജപമാലമന്ത്രധ്വനികളുണർത്തി ഒരിക്കൽകൂടി ഒക്ടോബർ മാസമെത്തുന്നു. കൂപ്പിയ കൈകളോടെ ചുണ്ടിൽ വിരിയുന്ന ജപമന്ത്രങ്ങളുമായി, മനസ്സിൽ ദിവ്യരഹസ്യങ്ങൾ ധ്യാനിച്ച് മാതൃവാത്സല്യത്തിന്റെ മാധുര്യത്തിലേക്കു കടന്നുവരാം. "ദിനംപ്രതി ജപമാല ചൊല്ലുന്നവർ ഒരിക്കലും വഴിതെറ്റിപ്പോവുകയില്ല." വിശുദ്ധ ലൂയി മോണ്ട്ഫോർട്ടിന്റേതാണ് ഈ വാക്കുകൾ. നമ്മുടെ കുടുംബപ്രാർത്ഥനയിലേക്ക് തിരിഞ്ഞുനോക്കാം. "ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു നില്ക്കും." ഒക്ടോബർ ഒരു അനുഗ്രഹമാകട്ടെ.*

*സസ്നേഹം*

*ജോബിയച്ചൻ* *വികാരിയച്ചൻ*

**പരിശുദ്ധ ജപമാല രാജ്ഞി**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

## “മാതൃസന്നിധിയിൽ” ജപമാലഭക്തി ആചരണം

| തീയതി | നേതൃത്വം | നിയോഗം |
|---|---|---|
| 01.10.2015 | ഹോളിഫാമിലി യൂണിറ്റ് | കുടുംബങ്ങൾ |
| 02.10.2015 | സെന്റ് ജോസഫ് യൂണിറ്റ് | ലഹരിവിരുദ്ധം |
| 03.10.2015 | സി. എൽ.സി.,<br>അൾത്താരസംഘം<br>തിരുബാലസഖ്യം | വിദ്യാർത്ഥികൾ,<br>അധ്യാപകർ |
| 04.10.2015 | വിമൻ വെൽഫെയർ<br>വിൻസെന്റ് ഡി പോൾ<br>ഗായകസംഘം | രോഗികൾ<br>അനാഥർ<br>വൃദ്ധർ |
| 05.10.2015 | ലിറ്റിൽഫ്ളവർ യൂണിറ്റ് | ദൈവവിളി |
| 06.10.2015 | സെന്റ് മേരി യൂണിറ്റ് | ലോകസമാധാനം |
| 07.10.2015 | മദർ തെരേസാ യൂണിറ്റ് | ദമ്പതികൾ |
| 08.10.2015 | സെന്റ് തോമസ് യൂണിറ്റ് | ഇടവക കൂട്ടായ്മ |
| 09.10.2015 | വിൻസെന്റ് ഡി പോൾ യൂണിറ്റ് | മാനസാന്തരം |
| 10.10.2015 | കെ.സി.വൈ.എം.<br>മതാധ്യാപകർ<br>പാരീഷ് കൗൺസിൽ | യുവജനങ്ങൾ |

**പള്ളിയിൽ**

2015 ഒക്ടോബർ 1 മുതൽ 10 വരെ രാവിലെ 5.30ന് ദിവ്യബലി, തുടർന്ന് കൊന്തനമസ്കാരം; ഞായറാഴ്ച രാവിലെ 6.15ന് ജപമാല, തുടർന്ന് കുർബ്ബാന; രണ്ടാമത്തെ കുർബ്ബാനക്കുമുമ്പ് 8.30ന് ജപമാല, തുടർന്ന് കുർബ്ബാന.

**വെൽഫെയർ സെന്ററിൽ**

2015 ഒക്ടോബർ 11 ഞായർ മുതൽ 20 ചൊവ്വവരെ; ഞായറാഴ്ചകളിൽ വൈകുന്നേരം 4.30 ന് കുർബ്ബാന, തുടർന്ന് ജപമാല; ഇടദിവസങ്ങളിൽ വൈകിട്ട് 5.30ന് കുർബ്ബാന, തുടർന്ന് ജപമാല

**കുടുംബയൂണിറ്റുകളിൽ**

2015 ഒക്ടോബർ 21-ാം തിയതി ബുധനാഴ്ച വൈകുന്നേരം മാതാവിന്റെ തിരുസ്വരുപങ്ങൾ വീടുകളിലേക്ക് കൊണ്ടുപോകുന്നു. 22-ാം തിയതി വ്യാഴാഴ്ചമുതൽ 30-ാം തിയതി വെള്ളിയാഴ്ച വരെ വൈകിട്ട് 6 മണിക്ക് കുടുംബങ്ങളിൽ ജപമാലയർപ്പണം. 31-ാം തിയതി ശനിയാഴ്ച സമാപനദിവസം കൊന്തക്കുശേഷം വൈകിട്ട് 5.30ന് മുമ്പ് എല്ലാ യൂണിറ്റുകളിൽനിന്നും മാതാവിന്റെ തിരുസ്വരൂപങ്ങൾ കൊച്ചുകവലയിലെത്തുന്നു. തുടർന്ന് പ്രദക്ഷിണമായി പള്ളിയിലെത്തിച്ചേരുന്നു. വിശുദ്ധ ബലിയർപ്പണത്തോടെ ജപമാലഭക്തി ആചരണം സമാപിക്കുന്നു.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

✶ 21-ാം തിയതി ബുധനാഴ്ച വൈകിട്ട് മാതാവിന്റെ രൂപം യൂണിറ്റുകളിലേക്ക് കൊണ്ടുപോകാനാവശ്യമായ സജ്ജീകരണങ്ങൾ യൂണിറ്റുഭാരവാഹികൾ ഏർപ്പെടുത്തുക.

✶ വീടുകളിൽ ജപമാല ആരംഭിക്കാനും, സമാപിപ്പിക്കാനുമുള്ള ക്രമം നിശ്ചയിച്ചു പാലിക്കുക. പാട്ടുകളും പ്രാർത്ഥനകളും ഒരുങ്ങി ഉറക്കെ ചൊല്ലി ജപമാലയർപ്പണം ഭക്തിസാന്ദ്രവും, വിശ്വാസസാക്ഷ്യവുമാക്കി മാറ്റുക.

✶ തിരുസ്വരൂപം അടുത്തവീട്ടിലേക്ക് കൊണ്ടുപോകുന്ന പ്രദക്ഷിണത്തിൽ എല്ലാവരും പങ്കുചേരുക. പ്രദക്ഷിണം ഭക്തിപൂർവ്വം പ്രാർത്ഥനയോടും ഗാനാലാപത്തോടുംകൂടി നടത്തുക. തിരുസ്വരൂപം വരുന്ന വീടുകളിൽ മാതാവിനെ എതിരേൽക്കാനാവശ്യമായ ഒരുക്കങ്ങൾ ചെയ്യുക. (പൂത്താലങ്ങൾ, തിരികൾ, പ്രതിഷ്ഠിക്കാൻ അലങ്കരിച്ച സ്ഥലം തുടങ്ങിയവ)

✶ മാതാവിന്റെ രൂപം എത്തിയശേഷം കുടുംബാംഗങ്ങൾ ഒന്നുചേർന്ന് അന്നും, പിറ്റേദിവസം രാവിലെയും ഓരോ ജപമാല ചൊല്ലുക. മാതാവിന്റെ രൂപം പ്രതിഷ്ഠിച്ചിരിക്കുന്ന ദിവസം ടി. വി. കാണലും, അനാവശ്യ ഉല്ലാസങ്ങളും ഉപേക്ഷിക്കുക.

✶ മാതൃസന്നിധിയിലിരുന്ന് ദൈവവചനം ഉച്ചത്തിൽ വായിക്കാം. പ്രാർത്ഥന ഇല്ലാത്ത സമയങ്ങളിൽ ഭക്തിഗാനങ്ങൾ ഉച്ചത്തിൽ ഇട്ടുകേട്ടുകൊണ്ട് ജോലികൾ ചെയ്യാം.

**പള്ളിയിൽ ഒരോദിവസവും നേതൃത്വംനൽകുന്നവർ വി. കുർബാനക്കുള്ള ആമുഖപ്രാർത്ഥന, വായനകൾ, കാറോസൂസാ, കാഴ്ചസമർപ്പണം, ഗാനാലാപനം, അൾത്താരശുശ്രൂഷ, ജപമാലക്ക് ആമുഖം, ദിവ്യരഹസ്യങ്ങൾക്ക് ആമുഖം തുടങ്ങിയവക്ക് ഒരുങ്ങിവരാം.**

## കുടുംബയൂണിറ്റുകളിൽ കൊന്ത നടക്കുന്ന വീടുകൾ

| തിയതി | ഹോളി ഫാമിലി | സെന്റ് ജോസഫ് | ലിറ്റിൽ ഫ്ളവർ | സെന്റ് മേരി | മദർ തെരേസ | സെന്റ് തോമസ് | വിൻസെന്റ് ഡി പോൾ |
|---|---|---|---|---|---|---|---|
| 22.10.2015 | ജോർജ്ജ് ഇല്ലിക്കൽ | എബ്രാഹം ചേന്നംകേരി | തോമസ് പാലക്കൽ | റോബിൻ പൂതവേലി | ഷിബു കടവിൽ | ടോം മേച്ചേരി | സണ്ണി ഒറ്റയിൽ |
| 23.10.2015 | ജോയി ചക്കനാട്ട് | ആന്റണി ചേരിക്കപറമ്പ് | തോമസ് മുറിഞ്ഞതുരുത്തിൽ | മാത്യു മാളിയേക്കൽ | തോമസ് ചെറുവള്ളിൽ | ജോഷി മാരേത്തുമറ്റത്തിൽ | ജോയി വളവത്ത് |
| 24.10.2015 | ജോജോ ആലുംപറമ്പിൽ | ജോസഫ് ചേരിക്കപറമ്പ് | ജെയിംസ് പാലക്കൽ | മത്തായി കൈതവേലിചിറ | അന്നമ്മ കളത്തിപറമ്പിൽ | സന്തോഷ് പന്തിരുനാഴിത്തടം | വർഗ്ഗീസ് പാറശ്ശേരിപ്പടവിൽ |
| 25.10.2015 | പൗലോസ് കളത്തിപ്പറമ്പിൽ | ജോസ് ചേരിക്കപറമ്പ് | തങ്കച്ചൻ പുല്ലാഞ്ചേരി | വർക്കി കൈതവേലിചിറ | സാബു ചക്കനാട്ട് | ജോസ് മനയ്ക്കത്തറ | അന്നമ്മ പേരയിൽ |
| 26.10.2015 | യേശുദാസ് കാലാക്കോടത്ത് | ജെസി വിൻസെന്റ് | അച്ചാമ്മ കളരിക്കൽ | അന്നമ്മ കോടാലിചിറ | ജോർജ് ഡോൺബോസ്കോ | ജിമ്മി പുത്തൻതറ | സെബാസ്റ്റ്യൻ പേരയിൽ |
| 27.10.2015 | ജേക്കബ് ഇടശ്ശേരി | ജോർജുകുട്ടി ഞാറവേലിൽ | ബിജു മാറായിൽ | ജോർജ്ജ് അരക്കത്തിൽ | സണ്ണി മുതുകാട്ടിൽ | ചിന്നമ്മ ചക്കനാട്ട് | വിമല കളത്തറ |
| 28.10.2015 | ഏലിയാമ്മ കോട്ടിപറമ്പിൽ | ജോൺ ജോഷിവില്ലാസ് | തോമസ് തേവരേഴത്ത് | ജോളി ഇടശ്ശേരി | ജെയിംസ് മനക്കത്തറ | ആഗസ് ചെമ്മഴിക്കാട്ട് | വിൻസെന്റ് കളത്തറ |
| 29.10.2015 | അബ്രാഹാം കരുമ്പുഴിക്കാട്ട് | സജി കവരപ്പാടിൽ | റീത്താമ്മ പുളിമൂട്ടിൽ | ജോണി വളവത്ത് | ജോണി നെല്ലിപ്പറമ്പിൽ | മേരി മരിയഭവൻ | ജോസ് കണ്ണാട്ട് |
| 30.10.2015 | മാത്യു തിട്ടപ്പള്ളി | സേവ്യർ പൗവ്വത്തിൽ | തോമസ് മഠത്തേഴത്ത് | റോയി പെരിയപ്പുറത്ത് | ജോയി നെടുംമ്പള്ളിൽ | ജെയിംസ് ഇല്ലിക്കൽ | ജോർജ്ജ് അറക്കത്താഴത്ത് |
| 31.10.2015 | സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ | തങ്കച്ചൻ ഓണാട്ട് | മാത്യു കറുത്തേടത്ത് | ടോമി തയ്യടയിൽ | ജോസഫ് ഗ്രേസ് വിലാസ് | ജോയി വെട്ടിമറ്റത്ത് | സിറിയക്ക് പുത്തനങ്ങാടി |